**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3144** **11-03-2025 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റുകളെ ആകർഷിക്കാൻ ദീപാലംകൃത പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ അടിഭാഗം വൃത്തിഹീനമായും ഉപയോഗശൂന്യമായും കിടക്കുന്നത് മാറ്റി ജനങ്ങൾക്ക് ഉപകാരപ്രദമാക്കിത്തീർക്കാൻ ഇതുവരെ ഏതെല്ലാം സ്ഥലത്താണ് പ്രവർത്തനം നടത്തിയതെന്ന് വ്യക്തമാക്കാമോ; ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ ഏറ്റെടുത്ത പാലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് പാലങ്ങളുടെ അടിഭാഗം വൃത്തിഹീനമായി ഉപയോഗശൂന്യമായി കിടക്കുന്നത് മാറ്റി ജനങ്ങൾക്ക് ഉപകാരപ്രദമാക്കി മാറ്റുന്നതിന് വേണ്ടി പ്രവർത്തനം നടത്തിയ പാലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1.കൊല്ലം ജില്ലയിലെ എസ്.എൻ.കോളേജിനു സമീപമുള്ള റെയിൽവേ ഓവർ ബ്രിഡ്ജിന് അടിഭാഗം.<br><br>2.കോഴിക്കോട് ജില്ലയിലെ എ.കെ.ജി. മേൽപ്പാലം റീഹാബിലിറ്റേഷൻ പ്രവൃത്തിയുടെ ഭാഗമായി അടിഭാഗം വൃത്തിയാക്കി ഇന്റർലോക്ക് പാകി മോടി കൂട്ടിയിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിൽ ഇത്തരത്തിൽ ഏറ്റെടുത്ത പാലങ്ങൾ ഇല്ല. |
| (ബി) | ഏതെല്ലാം പാലങ്ങളാണ് മനോഹരമായി ദീപാലംകൃതമാക്കി ടൂറിസ്റ്റുകളെയുൾപ്പെടെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മാറ്റിയിട്ടുള്ളത് എന്ന വിശദാംശം ലഭ്യമാക്കുമോ? | (ബി) | ദീപാലംകൃതമാക്കി ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മാറ്റിയിട്ടുള്ള പാലങ്ങൾ<br><br>1.ആലപ്പുഴ ജില്ലയിലെ കായംകുളം മണ്ഡലത്തിലെ കൂട്ടം-വാതുക്കൽക്കടവ് പാലം<br><br>2. തിരുവനന്തപുരം ജില്ലയിലെ ബേക്കറി ജംഗ്ഷൻ ഫ്ലൈ ഓവർ<br><br>3. പാളയം ഇ.എം.എസ്. പാർക്ക് ഫ്ലൈ ഓവർ<br><br>4. കോഴിക്കോട് ജില്ലയിലെ ഫറോക്ക് പഴയ പാലം<br><br>5. കണ്ണൂർ ജില്ലയിലെ മൂന്നാംപാലം<br><br>6. കോഴിക്കോട് ജില്ലയിലെ ഫറോക്ക് പുതിയപാലം<br><br>7. എറണാകുളം ജില്ലയിലെ തടിക്കടവ് പാലം |

സെക്ഷൻ ഓഫീസർ